## (93.) വടശ്ശേരിക്കര സെന്റ് ആന്റണീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

യേശുക്രിസ്തുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരുവനായ മാർ തോമാശ്ലീഹാ എ.ഡി. 52-ൽ മലങ്കരയിൽ വന്ന് സുവിശേഷം അറിയിക്കുകയും അനേകായിരങ്ങൾക്ക് ജ്ഞാനസ്നാനം നല്കി ക്രിസ്തുവിലേക്ക് ചേർക്കുകയും ഏഴരപ്പള്ളികൾ സ്ഥാപിക്കുകയും ചെയ്തു എന്നത് ചരിത്ര സത്യമാണ്. നിലയ്ക്കൽപ്പള്ളി ആക്രമിക്കപ്പെട്ടപ്പോൾ ക്രിസ്ത്യാനികൾ കേരളത്തിന്റെ നാനാഭാഗങ്ങളിലേക്കും പാലായനം ചെയ്തു. കടമ്പനാട്, തുമ്പമൺ പ്രദേശങ്ങളിൽ താമസമാക്കിയിരുന്നവരും മറ്റു പ്രദേശങ്ങളിൽ ചിതറിപ്പാറത്തവരും റാന്നി-പെരുനാട്, ആങ്ങമൂഴി, ചിറ്റാർ, വടശ്ശേരിക്കര ആദിയായ മാർതോമാശ്ലീഹായുടെ പാദസ്പർശമേറ്റ സ്ഥലങ്ങളിൽ ആരാധനാലയങ്ങൾ സ്ഥാപിച്ചു. സഭയിലുണ്ടായ ഭിന്നിപ്പ് വ്യവഹാരങ്ങളിലേക്കും മൽപ്പിടിത്തങ്ങളിലേക്കും നീങ്ങിയതോടെ മലങ്കരയിൽ സമാധാനം നഷ്ടപ്പെട്ടു. സമാധാനകാംഷിയും സത്യാന്വേഷിയുമായ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി മലങ്കര യാക്കോബായ സഭവിട്ട് മാതൃസഭയായ കത്തോലിക്കാസഭയുമായി 1930 സെപ്റ്റംബർ 20ന് പുനരൈക്യപ്പെട്ടു. പുനരൈക്യത്തിന്റെ ഉണർത്തുപാട്ടുകൾ അധികം താമസിക്കാതെ വടശ്ശേരിക്കരയിലും ഏറ്റുപാടി. ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ പൈതൃക സ്നേഹവും പരിപാലനയും ഒത്തിരി ഏറ്റുവാങ്ങിയ വടശ്ശേരിക്കരയിലെ മലങ്കരമക്കൾ 1933 സെപ്റ്റംബർ 25ന് മലങ്കര മിഷൻ കേന്ദ്രം ഇവിടെ ഔദ്യോഗികമായി ആരംഭിച്ചു. പനച്ചിമൂട്ടിൽ ശ്രീ. പി.കെ. മാണി, കളിയന്താനത്ത് ശ്രീ. കോരളവർക്കി, ചെറുത്തോൺ ശ്രീ. കുരുവിള തോമസും അവരുടെ കുടുംബാംഗങ്ങളും ആയിരുന്നു പ്രധാനമായും കൂട്ടായ്മയിലേക്ക് വന്നത്. ഫാ. ഫീലിപ്പോസ് മേടയിൽ, ഫാ. ഗീവർഗീസ് പുത്തപുരയ്ക്കൽ എന്നിവർ ഈ മിഷൻ കേന്ദ്രത്തിൽ ഒന്നിച്ച് ആദ്യമായി വി.കുർബാന അർപ്പിച്ചു. 1944 ൽ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത ഈ മിഷൻ കേന്ദ്രത്തെ ഒരു ഇടവകയായി പ്രഖ്യാപിച്ചു. അതിശീഘ്രം ഈ ഇടവകകൂട്ടായ്മയിലേക്ക് ധാരാളം കുടുംബങ്ങൾ കൂട്ടിചേർക്കപ്പെട്ടു. പരിശുദ്ധ ദൈവമാതാവിന്റെ നാമധേയത്തിൽ ആരംഭിച്ച ഈ മിഷൻ കേന്ദ്രത്തിന് 1968ൽ പുതിയ ദേവാലയം നിർമ്മാണം ആരംഭിച്ച് 1970 ഏപ്രിൽ 20 ന് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത വി.അന്തോണിയോസിന്റെ നാമധേയത്തിൽ പുനർനാമകരണം ചെയ്തത് സഭാമക്കൾക്കായി നല്കി. 165ൽപരം കുടുംബങ്ങളുണ്ട്. 35ൽ പരം വൈദികർ ഇടവകയാക്കായി സേവനം ചെയ്തു. ദൈവവിളിക്ക് വളക്കൂറുള്ള മണ്ണാണ് വടശ്ശേരിക്കരയിലേത്. ബത്തേരി രൂപതാധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാ ർ തോമസ് മെത്രാപ്പോലീത്ത, വന്ദ്യ കുരിശുമല മാത്യുസ് റമ്പാൻ, ഫാ. ജോസഫ് വാഴപ്പിള്ളേത്ത്, ഫാ. ജേക്കബ് കളിയന്താനത്ത്, ഫാ. തോമസ് കുരുവിള ചെറുത്തോൺ ഒ.ഐ.സി., ഫാ. ജോഷി വാഴപ്പിള്ളേത്ത്, ഫാ. ഏലിയാസ് ചെറുത്തോൺ ഒ.ഐ.സി., സിസ്റ്റർ ജോസ്ന എന്നിവർ ഈ ഇടവകയിൽ നിന്നുള്ള ദൈവവിളിയാണ്.

വിദ്യാഭ്യാസ മേഖലയിൽ ഈ മലയോര പ്രദേശത്ത് കൈതാങ്ങായി നാടിന്റെ വളർച്ചയ്ക്ക് സമഗ്രമാക്കുവാൻ 2010 മാർ ഈവാനിയോസ് സെൻട്രൽ സ്കൂൾ ഇവിടെ ആരംഭിച്ചു. 7-ാം ക്ലാസ് വരെ സി.ബി.എസ്.ഇ. സിലബസിലുള്ള ഈ സ്കൂളിൽ 300 അധികം വിദ്യാർത്ഥികൾ പഠിക്കുന്നു.

**ഇടവകയിൽ സേവനം ചെയ്ത വൈദികർ**

| | | |
|---|---|---|
| 1. ഫാ. ഗീവർഗീസ് പുത്തൻപുരയ്ക്കൽ | - | 1933 |
| 2. ഫാ. ഫീലിപ്പോസ് മേടയിൽ | - | 1933 |
| 3. ഫാ. ഏബ്രഹാം ഒ.ഐ.സി. | - | 1933 |
| 4. ഫാ. ജോബ് പൊയ്കയിൽ ഒ.ഐ.സി. | - | 1934-1935 |
| 5. ഫാ. ഗീവർഗീസ് ചരുവിലേക്ക് | - | 1936-1939 |
| 6. ഫാ. ഏബ്രഹാം ആലുനിൽക്കുന്നതിൽ | - | 1940-1943 |

| | | |
|---|---|---|
| 7. ഫാ. ജോസ് മാത്യു | - | 1943 - 1945 |
| 8. ഫാ. മാത്യു തേക്കിൽകാട്ടിൽ | - | 1945 - 1952 |
| 9. ഫാ. ജേക്കബ് മുണ്ടപ്പള്ളിൽ | - | 1952 - 1956 |
| 10. ഫാ. സാമുവേൽ തൈക്കൂട്ടത്തിൽ | - | 1957 - 1961 |
| 11. ഫാ. ജോസഫ് വാഴപ്പിള്ളേത്ത് | - | 1961 - 1963 |
| 12. ഫാ. സാമുവേൽ തെങ്ങുവിളയിൽ | - | 1963 - |
| 13. ഫാ. വർഗീസ് മാവേലിൽ | - | 1963 - 1965 |
| 14. ഫാ.സ്റ്റീഫൻ ഒ.ഐ.സി. | - | 1965 - 1966 |
| 15. ഫാ. നോർബർട്ട് ഒ.ഐ.സി | - | 1966 - 1967 |
| 16. ഫാ. ജോർജ്ജ് ജോൺ | - | 1968 - 1970 |
| 17. ഫാ. ഗീവർഗീസ് മണ്ണിക്കരോട്ട് | - | 1970 |
| 18. ഫാ. മാത്യു കയ്യാലയ്ക്കൽ | - | 1970 - 1975 |
| 19. ഫാ. ജേക്കബ് ജോൺ പൈനുംമൂട്ടിൽ | - | 1975 - 1979 |
| 20. ഫാ. ജോൺ മലയിൽ | - | 1979 - 1981 |
| 21. ഫാ. ജോഷ്വാ പീടികയിൽ | - | 1981 - 1982 |
| 22. ഫാ. ഏബ്രഹാം പാപ്പാടിയിൽ | - | 1982 - 1987 |
| 23. ഫാ. ജോഷ്വാ പീടികയിൽ | - | 1987 - 1994 |
| 24. ഫാ. ജേക്കബ് കുളങ്ങര | - | 1994 - 1996 |
| 25. ഫാ. യോഹന്നാൻ മുളമൂട്ടിൽ | - | 1996 - 2000 |
| 26. ഫാ. തോമസ് കിഴക്കുംകര | - | 2001 - 2006 |
| 27. ഫാ. ജോൺ കിഴക്കേക്കര | - | 2006 - 2007 |
| 28. ഫാ. ജോൺ വർഗീസ് പാലനിൽക്കുന്നതിൽ | - | 2007 - 2009 |
| 29. ഫാ. വർഗീസ് പ്ലാവിളയിൽ | - | 2009 - 2010 |
| 30. ഫാ. ജോസഫ് ഇരട്ടപുളിക്കൽ | - | 2010 - 2013 |
| 31. ഫാ. വർഗീസ് സാമുവേൽ | - | 2013 - 2015 |
| 32. ഫാ. ഫീലിപ്പോസ് ചരിവുപുരയിടത്തിൽ | - | 2015 - 2018 |
| 33. ഫാ. വർഗീസ് കുത്തിനേത്ത് | - | 2018 - 2019 |
| 34. ഫാ. ജോസഫ് കുരുമ്പിലേത്ത് | - | 2019 |